(ബി) മുൻപ് അവർക്ക് നൽകിയിരുന്ന ശമ്പള സ്കെയിലും ഗ്രേഡും മറ്റാനുകൂല്യങ്ങളും പുതിയ ശമ്പള കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം ലഭിക്കുന്നില്ല എന്നുള്ള പരാതി ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നേരത്തെ കിട്ടിയിരുന്ന ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പതിനാറ്.

(ബി) ഉണ്ട്.

(സി) ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർമാർ നൽകിയ മെമ്മോറാണ്ടത്തിലെ ആവശ്യങ്ങളും വിശദമായ പരിശോധനയ്ക്കു ശേഷം ഗവൺമെന്റ് നിരാകരിക്കുകയുണ്ടായി.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ചവരുടെ പ്രൊമോഷൻ

970 [1560] ശ്രീ. പി.കെ. ചാത്തൻ മാസ്റ്റർ:

,, കല്ലട നാരായണൻ:

,, എം.കെ. കേശവൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിമൽ ഹസ്ബൻട്രി, സ്റ്റേഷനറി, കോ-ഓപ്പറേറ്റീവ് മുതലായ ഡിപ്പാർട്ടുമെന്റുകളിലെ സ്പെഷ്യൽ റൂംസ് അനുസരിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ ഒരു നിശ്ചിതകാലയളവ് എക്സ്പീരിയൻസ് ഉണ്ടെങ്കിൽമാത്രമേ ചില പോസ്റ്റുകളിലേക്കു പ്രൊമോഷൻ ലഭിക്കുകയുള്ളുവെന്ന് നിബന്ധനയുണ്ടോ; ഈ റൂളുകൾ ഓരോന്നും നിലവിൽ വന്നത് എന്നുമുതലാണ്; ടി റൂംസിന്റെ ഓരോ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ബി) സ്പെഷ്യൽ റൂംസിലെ ഇത്തരം വകുപ്പുകളും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ചവരുടെ പ്രൊമോഷനെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ സ്പെഷ്യൽ റൂംസിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവകുപ്പിൽ നിശ്ചിതകാലയളവ് എക്സ്പീരിയൻസ് ഇല്ലെന്നുള്ള കാരണത്താൽ ടി കാലത്തിനുള്ളിൽ പ്രമോഷൻ വന്നപ്പോഴേ സീനിയറായിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആർക്കെങ്കിലും പ്രമോഷൻ നിഷേധിക്കുകയും അവരുടെ ജൂനിയറായിട്ടുള്ളവരെ പ്രമോട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയെല്ലാം;

(ഡി) സ്പെഷ്യൽ റൂംസ് ഉണ്ടാക്കിയ കാലത്ത് പിന്നീട് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടക്കുമ്പോഴേ ഇങ്ങനെയൊരു അപാകത

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുമെന്ന് കാണാതിരുന്നതും നിശ്ചിതസമയത്തിനുള്ളിൽ പ്രമോഷൻ ഉണ്ടായത് അവരുടെ കുറ്റംകൊണ്ടല്ലെന്നുള്ളതും പരിഗണിച്ച് സ്പെഷ്യൽ റൂൾസിൽ വേണ്ട ഭേദഗതി വരുത്തി ഇവർക്ക് പ്രമോഷനുള്ള തടസ്സം നീക്കുവാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അനിമൽ ഹസ്ബൻട്രി സ്റ്റോറർ സർവ്വീസ് റൂൾസ് 5.11.1966 മുതലും സബോർഡിനേറ്റ് സർവീസ് റൂൾസ് 11.3.1966 മുതലും കേരള കോ-ഓപ്പറേറ്റീവ് സ്റ്റോറർ സർവീസ് റൂൾസ് 4.11.1963 മുതലും സബോർഡിനേറ്റ് സർവീസ് റൂൾസ് 24.7.1962 മുതലും കേരളാ സ്റ്റേഷനറി സർവ്വീസ് റൂൾസ് 30.6.1959 മുതലും കേരളാ സ്റ്റേഷനറി സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 25.8.1959 മുതലുമാണ് നിലവിൽ വന്നത്. ഈ ചട്ടങ്ങൾക്ക് പിന്നീടു വരുത്തിയിട്ടുള്ള ഭേദഗതികളും ശേഖരിച്ചു അവകൂടി ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കോപ്പികളും മേശപ്പുറത്തു വയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ബി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഡി) വിവരങ്ങൾ ശേഖരിച്ചതിനുശേഷം പരിശോധിക്കേണ്ട ഒരു കാര്യമാണിത്.

സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്

971 [1561] ശ്രീ. സി.എ. കുര്യൻ:

,, വി.കെ. രാജൻ:

,, പി. ശങ്കർ:

,, എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിൻെറ ഡയറക്ടർക്ക് പ്രതിമാസം നൽകുന്ന ശമ്പളമെത്രയാണ്;

(ബി) ഇതുവരെ ഈ സ്ഥാപനം എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട്;

(സി) 'സ്കബാ ഡൈവിംഗ്' എന്ന് അറിയപ്പെടുന്ന അവകാശപ്പെടുന്ന നീന്തൽ കായിക വിനോദം അഭ്യസിപ്പിക്കുന്നതാണ് ഈ സ്ഥാപനത്തിൻെറ ഉദ്ദേശ്യമെന്നു പറയുന്നത് ശരിയാണോ;

(ഡി) ഈ സ്ഥാപനത്തിനു എന്തെങ്കിലും പ്രോജക്ട് റിപ്പോർട്ട് ഉണ്ടോ; ഉണ്ടെങ്കിൽ അത് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഡയറക്ടരുടെ പ്രതിമാസ ശമ്പളം 3000 രൂപയാണ്. എന്നാൽ കേന്ദ്ര ഗവൺമെൻറിൽനിന്നും ലഭിക്കുന്ന പെൻഷൻ, പെൻഷൻ തുകയ്ക്കനുസൃതമായ ഗ്രാറ്റുവിറ്റി എന്നിവ കഴിച്ച് പ്രതിമാസം 1866 രൂപ 90 പൈസ മാത്രമേ ഡയറക്ടർ ശമ്പളമായി പറ്റുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly